കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്

# ഓഡിറ്റ് റിപ്പോർട്ട് 2016-17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം

e-mail:lfadtvm@yahoo.in

നം.കെ.എസ്.എ.റ്റി.വി.എം/മിസ്.I/2285/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,
തിരുവനന്തപുരം
തീയതി:03.05.19

Phone No: 0471-2331231

Email: lfadtvm@yahoo.in

ജോയിന്റ് ഡയറക്ടർ.

ഡയറക്ടർ,

സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്.

സർ,

വിഷയം : സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിന്റെ 2016–17 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിന്റെ 2016-17 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് അനന്തര നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ.

<u>പകർപ്പ്</u>

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, വികാസ് ഭവൻ, തിരുവനന്തപുരം.

(ഉപരിപത്രം സഹിതം)

2. ഓഫീസ് കോപ്പി.

നം.കെ.എസ്.എ.റ്റി.വി.എം/മിസ്.I/2285/2018 തീയതി:03.05.19

സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിന്റെ 2016-17 വർഷത്തെ വാർഷിക കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട് (1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെപേരും ഉദ്യോഗപ്പേരും | ശ്രീ. എ.മുഹമ്മദ് നിസാർ, (ജോയിന്റ് ഡയറക്ടർ) |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരും ഉദ്യോഗപ്പേരും | ശ്രീമതി. ജയകുമാരി.കെ.ആർ. ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)<br>ശ്രീമതി.അനിഷ.എസ്.ബി.<br>(സീനിയർ ഗ്രേഡ് ഓഡിറ്റർ)<br>ശ്രീമതി.സീന.കെ. (സീനിയർ ഗ്രേഡ് ഓഡിറ്റർ) |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 08.10.2018 മുതൽ 12.10.2018 വരെ |

| നിർവ്വഹണാധികാരികൾ | |
|---|---|
| ഡയറക്ടർ | ശ്രീ. പോൾ മണലേൽ<br>(01.04.16 മുതൽ 22.08.2016 വരെ)<br>ശ്രീ. പള്ളിയറ ശ്രീധരൻ<br>22.08.2016 മുതൽ 31.3.2017 വരെ) |
| അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ | ശ്രീ. എൻ.ഹരി. (01.04.2016മുതൽ 22.02.2017 വരെ) |
| | ശ്രീ.ആർ.മധു, (23.02.2017 മുതൽ 31.03.2017 വരെ ) |
| ഫിനാൻസ് ഓഫീസർ | ശ്രീ.ആർ.വിക്രമൻ. (01.04.2016 മുതൽ 22.09.2016 വരെ) |
| | ശ്രീമതി.ഷൈലാബീവി.എസ്<br>(20.02.2017 മുതൽ 31.03.2017 വരെ) |
| ഓഫീസ് മാനേജർ | ശ്രീമതി. എസ്.എസ്. ഗിരിജ<br>(01.04.16 മുതൽ 31.03.17 വരെ) |
| കാഷ്യർ | ശ്രീമതി. റ്റി. രാജലക്ഷ്മി,<br>(01.04.16 മുതൽ 31.03.17 വരെ) |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ഓഡിറ്റിന് വിധേയമാക്കിയ കണക്കുകൾ

സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിന്റെ 2016-17 വർഷത്തെ വാർഷിക കണക്കുകൾ പരിശോധനയ്ക്ക് വിധേയമാക്കി. 01.04.2016 മുതൽ 31.03.17 വരെയുള്ള കാലയളവിൽ തളിര് പ്രസിദ്ധീകരണവുമായി ബന്ധപ്പെട്ട വരവും അവയുടെ ഒടുക്കും ഈ കാലയളവിലെ മറ്റ് വരവുകളും അവയുടെ ഒടുക്കും പിൻവലിക്കലുകളും പരിശോധനാ വിധേയമാക്കി ഓഡിറ്റിന്റെ ഭാഗമായി 10

അന്വേഷണകുറിപ്പുകൾ നൽകി സ്ഥാപനത്തിൽ നിന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

## 1-2 ആമുഖം

തിരുവിതാംകൂർ-കൊച്ചി ലിറ്റററി സയന്റിഫിക് ആന്റ് ചാരിറ്റബിൾ സൊസൈറ്റി ആക്ട് 1955 (1955 ലെ ആക്ട് 12) പ്രകാരം 27.05.1991 ലെ ജി.ഓ.(എം.എസ്) 86/81/എച്ച്.ഇ.ഡി.എൻ എന്ന ഉത്തരവിലൂടെ ഒരു സൊസൈറ്റിയായി രജിസ്റ്റർ ചെയ്ത സ്ഥാപനമാണ് കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്. കുട്ടികൾക്ക് വേണ്ടി വൈജ്ഞാനിക സാഹിത്യ സൃഷ്ടികളും പുസ്തകങ്ങളും പ്രസിദ്ധീകരിക്കുക, ഭാഷാഭിവൃദ്ധിക്കുവേണ്ടി സെമിനാർ, സാഹിത്യ രചനാ വർക്ക്ഷോപ്പ് തുടങ്ങിയവ നടത്തി ഭാഷാപരിചയം കൂട്ടുന്നതിനും അവരിലുള്ള അഭിരുചികളെ കണ്ടെത്തുന്നതിനും സാഹിത്യ വാസനകൾ പ്രോത്സാഹിപ്പിക്കുന്നതിനും ശ്രമിക്കുക, നിലവാരമുള്ള സാഹിത്യ രചനകളുടെ തർജ്ജമ നടത്തുക, അന്യഭാഷാ സൃഷ്ടികൾ മലയാളത്തിൽ ലഭ്യമാക്കുക, ലഭ്യത കുറഞ്ഞതും ഉൽകൃഷ്ടവുമായ ബാലസാഹിത്യ രചനകൾ റീപ്രിന്റ് ചെയ്യുക, കുട്ടികളുടെ രചനകളെ പ്രോത്സാഹിപ്പിക്കുക, ലൈബ്രറികളും മ്യൂസിയങ്ങളും കുട്ടികൾക്കായി ആസൂത്രണം ചെയ്യുകയും നിലവിലുള്ള ലൈബ്രറികളിൽ കുട്ടികൾക്കായി വായനാമൂല തയ്യാറാക്കുകയും ചെയ്യുക, താരതമ്യേന കുറഞ്ഞ ചെലവിൽ നല്ല സാഹിത്യ രചനകൾ ലഭ്യമാക്കുക, കുട്ടികളുടെ രചനകളെ പ്രോത്സാഹിപ്പിക്കുന്നതിലേക്കായി അവാർഡും പ്രോത്സാഹന സമ്മാനങ്ങളും നൽകുക, സമൂഹത്തിലെ പിന്നാക്കം നിൽക്കുന്ന ജനവിഭാഗങ്ങൾക്കിടയിലുള്ള കുട്ടികൾക്കായി പ്രത്യേകം പുസ്തകങ്ങൾ വാങ്ങി നൽകുക, സ്കൂളുകളിലും പഠനം പാതിവഴിയിൽ ഉപേക്ഷിച്ചവരെയും കണ്ടെത്തി അവർക്കും പുസ്തകങ്ങളും ആനുകാലികങ്ങളും ലഭ്യമാക്കുക, സാഹിത്യ മത്സരങ്ങൾ നടത്തുക തുടങ്ങിയവയാണ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രധാന ലക്ഷ്യങ്ങൾ.

## 1-3 ഓഡിറ്റിന്റെ പ്രസക്തി

സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് (കേരള) സൊസൈറ്റി ചട്ടങ്ങളിലെ ചട്ടം 20 പ്രകാരം വാർഷിക കണക്കുകൾ പരിശോധിച്ച് സാക്ഷ്യപ്പെടുത്തി നൽകുന്നതിന് ഈ വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

## 1-4 ഭരണസംവിധാനം

സർക്കാർ കാലാകാലങ്ങളിൽ നിയമിക്കുന്ന കൗൺസിൽ ഓഫ് ട്രസ്റ്റീസ് ആണ് ഭരണസമിതി. ഇതിൽ താഴെപ്പറയുന്ന അംഗങ്ങൾ ഉൾപ്പെടുന്നു.

1) പ്രസിഡന്റ്- വിദ്യാഭ്യാസ വകുപ്പ് മന്ത്രി.

2) വൈസ് പ്രസിഡന്റ്- ഉന്നത വിദ്യാഭ്യാസ വകുപ്പിൽ നിന്നോ വിദ്യാഭ്യാസ വകുപ്പിൽ നിന്നോ ഉള്ള സെക്രട്ടറിമാരിൽ നിന്നും പ്രസിഡന്റ് നോമിനേറ്റ് ചെയ്യുന്ന ആൾ.

3) ഫിനാൻസ് കമ്മീഷണർ ആന്റ് സ്പെഷ്യൽ സെക്രട്ടറി, അല്ലെങ്കിൽ അദ്ദേഹം നോമിനേറ്റ് ചെയ്യുന്ന ആൾ.

4) പൊതുഭരണ ഡയറക്ടർ (ഡയറക്ടർ ഓഫ് പബ്ലിക് ഇൻസ്ട്രക്ഷൻസ്).

5) കോളേജ് വിദ്യാഭ്യാസ ഡയറക്ടർ.

6) ഗവൺമെന്റ് നോമിനേറ്റ് ചെയ്യുന്ന അനൗദ്യോഗിക അംഗങ്ങൾ (കുറഞ്ഞത് നാലു പേരെങ്കിലും) (നിലവിൽ 13 പേർ).

7) ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ (മെമ്പർ സെക്രട്ടറി).

2012 ലെ കൗൺസിലിന്റെ അനൗദ്യോഗിക അംഗങ്ങളുടെ കാലാവധി 30.11.2015 ൽ അവസാനിച്ചതിനെതുടർന്ന് 2017 ജനവരിയിലാണ് അനൗദ്യോഗിക അംഗങ്ങളെ നോമിനേറ്റ് ചെയ്യുന്നതിനുള്ള യോഗം കൂടിയിട്ടുള്ളത്. ഇൻസ്റ്റിറ്റ്യൂട്ടിന്റെ മെമ്മോറാണ്ടം ഓഫ് അസോസിയേഷൻ ചട്ടം 13 ൽ നിഷ്കർഷിക്കുന്നത് നാലുമാസത്തിലൊരിക്കൽ കൗൺസിൽ യോഗം കൂടണമെന്നാണ്. എന്നാൽ ഇത് പാലിച്ചിട്ടില്ല. അതുപോലെ ചട്ടം 10(2) ൽ പ്രസിഡന്റോ അദ്ദേഹം നോമിനേറ്റ് ചെയ്യുന്ന ആളോ ഉൾപ്പെടെ 4 അംഗങ്ങൾ ഉണ്ടെങ്കിൽ ക്വാറം തികയുമെന്നാണ് വ്യവസ്ഥ. എന്നാൽ അനൗദ്യോഗിക അംഗങ്ങളുടെ കാലാവധി തീർന്നതിനുശേഷം കൗൺസിൽ കൂടുകയോ, തീരുമാനങ്ങളെടുക്കുകയോ ചെയ്തിട്ടില്ല. ഇത് മെമ്പർ സെക്രട്ടറിയുടെ ഭാഗത്തുനിന്നുമുള്ള വീഴ്ചയാണ്.

## 1-5 ബജറ്റ്

ഓഡിറ്റ് വർഷങ്ങളിലെ ബജറ്റ് സംബന്ധിച്ച വിവരം ചുവടെ കൊടുക്കുന്നു

<table>
<tr><th>ക്രമ നം</th><th>വർഷം</th><th colspan="2">വകയിരുത്തിയ തുക</th><th colspan="2">ചെലവഴിച്ച തുക</th><th>റിമാർക്സ്</th></tr>
<tr><td rowspan="2"></td><td rowspan="2">2016-17</td><td>പ്ലാൻ</td><td>1,88,00,000</td><td>പ്ലാൻ</td><td>1,35,00,000</td><td rowspan="2">08.02.2017 കൗൺസിൽ യോഗം അംഗീകരിച്ചു</td></tr>
<tr><td>നോൺ പ്ലാൻ</td><td>2,86,00,000</td><td>നോൺ പ്ലാൻ</td><td>1,17,37,000</td></tr>
</table>

മെമ്മോറാണ്ടം ഓഫ് അസോസിയേഷൻ റൂൾ 11(3) അനുസരിച്ച് ഏപ്രിൽ ആദ്യവാരം തന്നെ കൗൺസിൽ അംഗീകരിച്ച ബജറ്റ് അംഗീകാരത്തിനായി സർക്കാരിന് സമർപ്പിക്കണമെന്നാണ്. ഇതു പാലിക്കപ്പെട്ടിട്ടില്ല. 2016-17 ൽ പുതിയ ഭരണസമിതി നിലവിൽ വന്നത് 27.12.2016 ലാണ്. ഭരണസമിതി യോഗം ചേർന്നത് 08.02.2017ലുമാണ്. ഭരണസമിതി യോഗങ്ങൾ കൃത്യമായി കൂടുന്നതിനും ബജറ്റ് ഭരണസമിതി അംഗീകാരത്തോടെ ഏപ്രിൽ ആദ്യവാരം തന്നെ സർക്കാരിന് സമർപ്പിക്കുന്നതിനും നടപടികൾ കൈക്കൊള്ളേണ്ടതാണ്.

## 1-6 സാമ്പത്തിക സ്രോതസ്സുകൾ

ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രധാന സാമ്പത്തിക സ്രോതസ്സ് ഗവൺമെന്റിൽ നിന്നും ലഭിക്കുന്ന പ്ലാൻ/നോൺ പ്ലാൻ ഗ്രാന്റുകളാണ്. പുസ്തകങ്ങളുടെ വിൽപ്പന, തളിര് ബാലമാസിക വിൽപ്പന എന്നിവയിൽ നിന്നും ലഭിക്കുന്ന വരുമാനവും ഉൾപ്പെടുന്നുണ്ട്.

## 1-7 ഓഡിറ്റ് വർഷം ഇൻസ്റ്റിറ്റ്യൂട്ട് ഏറ്റെടുത്ത പ്രധാന പ്രവർത്തനങ്ങൾ

1) പുസ്തകനിറവ് - മലയാളത്തിന് ശ്രേഷ്ഠഭാഷാ പദവി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ഭാഷയുടെ മഹത്വവും പ്രാധാന്യവും മുതിർന്നവരിലൂടെ കുട്ടികളിൽ എത്തിക്കുന്നതിനും കുട്ടികളിൽ വായനശീലം പ്രോത്സാഹിപ്പിക്കുന്നതിനുമായി സർക്കാർ ഓഫീസുകളിലും മറ്റ് ഓഫീസുകളിലും സംഘടിപ്പിച്ച

പരിപാടി.

2) അക്ഷരയാത്ര -മലയാളത്തിന് ശ്രേഷ്ഠഭാഷാ പദവി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ഭാഷയുടെ മഹത്വവും പ്രാധാന്യവും വിളംബരം ചെയ്തുകൊണ്ട് സ്കൂളുകളിൽ സംഘടിപ്പിച്ച പരിപാടി.

3) ബാലസാഹിത്യ പരിഭാഷ രചന ശിൽപ്പശാല - ഇന്ത്യയിലെ ഇതര ഭാഷകളിലെ മികച്ച ബാലസാഹിത്യ കൃതികൾ മലയാളത്തിലേയ്ക്ക് പരിഭാഷപ്പെടുത്തുന്ന പരിപാടി.

4) വിസ്മയക്കൂട്ടം - മജീഷ്യൻ ശ്രീ.ഗോപിനാഥ് മുതുകാട് നേതൃത്വം നൽകുന്ന മാജിക്ക് അക്കാഡമിയുടെ സഹകരണത്തോടെ നടപ്പിലാക്കിയ ഏകദിന ശിൽപ്പശാല.

5) പുസ്തകമേള_- കോട്ടയം,തിരുവനന്തപുരം, മലയാള മിഷൻ പുസ്തകമേള, ലൈബ്രറി കൗൺസിൽ പുസ്തകമേള, കാട്ടാൽ പുസ്തകമേള, സാഹിത്യ അക്കാഡമി പുസ്തകമേള, എസ്.എസ്.എ പുസ്തകമേള, മാനവീയം പുസ്തകമേള, നിയമസഭ മന്ദിരത്തിൽ പുസ്തകപ്രദർശനം എന്നിവ നടപ്പിലാക്കി.

6) ബാലസാഹിത്യ ശില്പശാലകൾ - തിരുവനന്തപുരം, പയ്യന്നൂർ, കണ്ണൂർ, മട്ടന്നൂർ എന്നിവിടങ്ങളിൽ സംഘടിപ്പിച്ചു.

7) ബാലസാഹിത്യ അവാർഡ് നിർണ്ണയവും അവാർഡ് ദാനവും സംഘടിപ്പിച്ചു.

8) 2016-17 ൽ 25 പുസ്തകങ്ങളും, തളിരു മാസികകളും പ്രസിദ്ധീകരിച്ചു.

9) തളിരു വരിക്കാരായ കുട്ടികൾക്ക് വായനമത്സരം സംഘടിപ്പിച്ചു.

10) പുരോഗമന സാംസ്കാരികോത്സവം പാലക്കാട് സംഘടിപ്പിച്ചു.

## 1-8 സർക്കാർ ഗ്രാന്റ്

2016-17 പ്ലാൻ

| ക്രമ നം | സർക്കാർ ഉത്തരവ് നം,<br>തീയതി | തുക |
|---|---|---|
| 1 | ജി.ഒ(സാ.ധാ)നം.309/2016/.സാം.ക.വതീയതി 24.09.2016 | 4500000 |
| 2 | ജി.ഒ(സാ.ധാ)നം.184/2017/സാം.ക.വ.തീയതി 20.03.2017 | 4500000 |
| ആകെ | | 9000000 |

2016-17 നോൺ പ്ലാൻ

| ക്രമ നം | സർക്കാർ ഉത്തരവ് നം, തീയതി | തുക |
|---|---|---|
| 1 | ജി.ഒ(സാ.ധാ)നം.310/2016/സാം.ക.വ.തീയതി,4.09.2016 | 3912333.00 |
| 2 | ജി.ഒ(സാ.ധാ)നം.14/2017/സാം.ക.വ.തീയതി 13-01-2017 | 3912334.00 |
| 3 | ജി.ഒ(സാ.ധാ)നം.183/2017/സാം.ക.വ.തീയതി20-03-2017 | 3912333.00 |

| | |
|---|---|
| ആകെ | 11737000.00 |

## 1-9 ലെഡ്ജർ , ബിൽ രജിസ്റ്റർ എന്നിവ സൂക്ഷിച്ചിട്ടില്ല

വിവധ പദ്ധതി പദ്ധതിയേതര പ്രവർത്തികൾക്കുള്ള ചെലവു വിവരങ്ങൾ ഉൾകൊള്ളിച്ചിട്ടുള്ള ലഡ്ജർ കൃത്യമായി എഴുതി സൂക്ഷിച്ചിട്ടില്ല. അതിനാൽ യാഥാർഥ ചെലവിന്റെ ആധികാരികത പരിശോധിക്കുവാൻ കഴിഞ്ഞിട്ടില്ല. ലഡ്ജറിലെ തുകയും വാർഷിക ധനകാര്യപത്രികയിലെ തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമ നം | ഇനം | ലഡ്ജറിലെ തുക | വാർഷിക ധനകാര്യ പത്രികയിലെ തുക |
|---|---|---|---|
| 1 | തളിരു വായനമത്സരം | 327900 | 12000 |
| 2 | പുസ്തക പ്രദർശനം | 482703 | 489203 |
| 3 | പരസ്യം | 7912 | 82960 |
| 4 | പ്ലാൻ ഇമ്പ്ലിമെൻറ്റേഷൻ | 406377 | 404409 |
| 5 | ശമ്പളം | 13545511 | 12198159 |

ചെലവു വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തുകയും ആയതു ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്. സ്ഥാപനത്തിൽ പ്ലാൻ, നോൺ പ്ലാൻ ചെലവുകളുമായി ബന്ധപ്പെട്ട് വൗച്ചറുകൾ സൂക്ഷിക്കുന്നുണ്ടെങ്കിലും ബിൽ രജിസ്റ്റർ സൂക്ഷിക്കുന്നില്ല. ബിൽ രജിസ്റ്റർ സൂക്ഷിക്കേണ്ടതും പ്ലാൻ, നോൺ പ്ലാൻ ചെലവുകൾ വൗച്ചർ നമ്പർ, , തുക, ചെലവ് വിവരം ,ചെക്ക് നമ്പർ എന്നീ വിവരങ്ങൾ ബിൽ രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതുമാണ്. വർഷാന്ത്യത്തിൽ ഓഫീസ് മേധാവി സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

## 1-10 ഭരണ സമിതി റിപ്പോർട്ട് യഥാസമയം സർക്കാരിലേക്ക് സമർപ്പിക്കുന്നില്ല

ഇൻസ്റ്റിറ്റ്യൂട്ടിന്റെ മെമ്മോറാണ്ടം ഓഫ് അസോസിയേഷൻ റൂൾ 22(1) അനുസരിച്ച് സാമ്പത്തിക വർഷം അവസാനിച്ച് ആറ് മാസത്തിനുള്ളിൽ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനങ്ങളെ സംബന്ധിച്ച വിശദമായ റിപ്പോർട്ട് കൗൺസിൽ സർക്കാരിന് സമർപ്പിക്കണമെന്നാണ് വ്യവസ്ഥ. എന്നാൽ 2013-14 വർഷം മുതലുള്ള ഭരണസമിതി റിപ്പോർട്ട് തയ്യാറാക്കി സർക്കാരിന് സമർപ്പിച്ചിട്ടില്ല.

## 1-11 സ്റ്റോക്ക് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല-പ്രതിദിന വിറ്റ് വരവും ക്ലോസിംഗ് ബാലൻസും തിട്ടപ്പെടുത്തിയിട്ടില്ല

സ്റ്റോക്ക് രജിസ്റ്റർ പരിപാലിച്ചിട്ടില്ലാത്തതിനാൽ 2016-2017 സാമ്പത്തിക വർഷം സംസ്ഥാന ബാല സാഹിത്യഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ചിട്ടുള്ളതും മുൻവർഷങ്ങളിൽ പ്രസിദ്ധീകരിച്ച് വിൽപ്പന നടത്തിവരുന്നതുമായ പുസ്തകങ്ങളുടെ പ്രതിദിന വരവ്, ബാലൻസ് കണക്കുകൾ തിട്ടപ്പെടുത്താൻ കഴിഞ്ഞിട്ടില്ല. പ്രസ്സിൽ നിന്നും കൈപ്പറ്റിയ പുസ്തകങ്ങൾ ജനറൽ സ്റ്റോക്ക് രജിസ്റ്ററിലെടുത്തിട്ടുണ്ടെങ്കിലും വില്പനവിഭാഗം സ്റ്റോക്ക് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ലാത്തതിനാൽ ഗോഡൗണിൽനിന്നും വിൽപ്പന വിഭാഗത്തിലേക്ക് കൈമാറ്റം ചെയ്ത പുസ്തകങ്ങളുടെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല. ഈ അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി(നം.08/18), എത്രയും വേഗം സ്റ്റോക്ക് രജിസ്റ്റർ പരിശോധനക്കായി ഹാജരാക്കുന്നതാണെന്ന് സ്ഥാപനം അറിയിച്ചിട്ടുണ്ട്. അടിയന്തിര പ്രാധാന്യത്തോടെ സ്റ്റോക്ക് രജിസ്റ്റർ തയ്യാറാക്കി ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 തളിരിന്റെ വിറ്റ വരവിൽ വ്യത്യാസം.

ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിക്കുന്ന കുട്ടികൾക്കുള്ള പ്രതിമാസ വാരികയായ തളിരിന്റെ വില്പനയിലൂടെ സ്ഥാപനത്തിനു 2016-17 -ൽ 16,80,674/-രൂപ വരവു വന്നിട്ടുണ്ട്. എന്നാൽ വാർഷിക ധനകാര്യപത്രിക പത്രിക പ്രകാരം 16,46,774/-രൂപയാണ് കാണിച്ചിരിക്കുന്നത്. 33900/-രൂപ വരവിനത്തിൽ കുറവായി കാണിച്ചിരിക്കുന്നത് സംബന്ധിച്ച അന്വേഷണക്കുറിപ്പിന് അപാകത പരിഹരിക്കാമെന്നു അറിയിച്ചിട്ടുണ്ട്. വാർഷിക ധനകാര്യ പത്രികയിലെ തുകയും, വരവു രജിസ്റ്റർ പ്രകാരമുള്ള തുകയും പൊരുത്തപ്പെടുത്തേണ്ടതും, ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 മുൻകൂറുകൾ ക്രമീകരിക്കുന്നില്ല

സ്ഥാപനം മുഖാന്തിരം നടത്തുന്ന വിവിധ ശില്പശാലകൾ സെമിനാറുകൾ തുടങ്ങിയ പരിപാടികളുടെ നടത്തിപ്പിനായി ഡയറക്ടറുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ജീവനക്കാരെ നിയോഗിക്കുകയും ജീവനക്കാർക്ക് യാത്രാപ്പടി അടക്കം മുൻകൂർ അഡ്വാൻസ് നൽകുകയും ചെയ്തു വരുന്നു. മുൻകൂറുകൾ ക്രമീകരിക്കുന്നത് സംബന്ധിച്ച് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്.

2016-17 സാമ്പത്തിക വർഷത്തെ അഡ്വാൻസ് രജിസ്റ്റർ പരിശോധിച്ചത് പ്രകാരം താഴെ പറയുന്ന മുൻകൂറുകൾ ഇതുവരെ ക്രമീകരിച്ചിട്ടില്ലാത്തതായി കാണുന്നു.

| വൗച്ചർ നമ്പർ തീയതി | അഡ്വാൻസ് നൽകിയതിന്റെ ഉദ്ദേശ്യം | തുക | തുക കൈപ്പറ്റിയത് |
|---|---|---|---|
| 277/23.08.2016 | സൈലന്റ് വാലി ഗ്രന്ഥരചന | 3000 | ബി.പ്രസാദ് |
| 607/13.3.2017 | വാൻ കണ്ടിജൻസി | 2500 | വിജു,ഡ്രൈവർ(ദിവസ വേതനം) |

| | | | |
|---|---|---|---|
| 617/17.3.17 | ഫോട്ടോകോപ്പി (ബ്രോഷർ) | 2000 | വിജയകുമാർ |

അഡ്വാൻസായി നൽകിയ തുക ചെലവഴിച്ചതിന്റെ രേഖകൾ ടി ജീവനക്കാരിൽ നിന്ന് ലഭ്യമാക്കേണ്ടതാണ്.
മുൻകൂർ ക്രമീകരിക്കാനാവശ്യമായ രേഖകൾ സമർപ്പിക്കാത്ത പക്ഷം അനുവദിച്ച തുക പിഴ സഹിതം ഈടാക്കേണ്ടാതാണ്.

## 3-2 അഡ്വാൻസ് ക്രമീകരിച്ചതിൽ കാലതാമസം.

2016-17 സാമ്പത്തിക വർഷത്തിൽ നൽകിയ അഡ്വാൻസുകൾ ക്രമീകരിക്കുന്നതിൽ കാലതാമസം സംഭവിച്ചിട്ടുള്ളതായി കാണുന്നു.

| അഡ്വാൻസ് നൽകിയ തീയതി | വൗച്ചർ നമ്പർ തീയതി | തുക | അഡ്വാൻസ് ക്രമീകരിച്ച തീയതി |
|---|---|---|---|
| 7.4.16 | 26/7.4.16 | 6300 | 22.9.16 |
| 6.10.16 | 365/6.10.16 | 7500 | 14.5.2018 |
| 28.10.16 | 384/28.10.16 | 4300 | 5.8.17 |
| 17.11.16 | 413/17.11.16 | 6500 | 2.6.17 |
| 4.3.17 | 578/4.3.17 | 100000 | 20.7.17 |

അഡ്വാൻസ് ക്രമീകരിക്കുന്നതിലുണ്ടാകുന്ന കാലവിളംബം ഒഴിവാക്കേണ്ടതാണ്.

## 3-3 അഡ്വാൻസ് രജിസ്റ്ററിൽ രേഖപ്പെടുത്താതെ അഡ്വാൻസ് നൽകി

2016നവംബർ 18 മുതൽ 27 വരെ കോട്ടയം തിരുനക്കര മൈതാനത്ത് വച്ച് നടന്ന കോട്ടയം അന്താരാഷ്ട്ര പുസ്തകോത്സവത്തിന്റെ ചെലവിന് ചുവടെ ചേർക്കും പ്രകാരം അഡ്വാൻസ് നൽകിയിട്ടുണ്ട്

| ക്രമ നമ്പർ | ഉത്തരവ് നമ്പർ | അഡ്വാൻസ് കൈപറ്റിയ ജീവനക്കാരൻ | ക്രമീകരിച്ചതിന്റെ വിവരങ്ങൾ |
|---|---|---|---|
| 1 | 447/16/ KSICL 2.11.16 | K.T.കൊച്ചുമോൻ, പ്യൂൺ, 6500/- | 2.6.17 ലെ 226/17/KSICL ഉത്തരവ് പ്രകാരം (26.4.17-ൽ സമർപ്പിച്ച ബില്ലുകളുടെ അടിസ്ഥാനത്തിൽ) |
| 2 | 457/16/ KSICL 10.11.16 | ജി.മുത്തുകുമാർ, അസി.ഗ്രേഡ് (ദിവസവേതനം), 5000/- | രേഖപ്പെടുത്തലുകൾ ഇല്ല |

ക്രമ നമ്പർ 2 പ്രകാരം നൽകിയ തുക നൽകിയതിന്റെയും ക്രമീകരിച്ചതിന്റെയും വിവരങ്ങൾ

അഡ്വാൻസ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി 6 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ജീവനക്കാർക്ക് അനുവദിക്കുന്ന മുൻകൂറുകൾ അഡ്വാൻസ് രജിസ്റ്ററിൽ രേഖപ്പെടുത്തി യഥാസമയം ക്രമീകരിക്കേണ്ടതാണ്.

## 3-4 വാഹന പരിപാലനം -ഇന്ധന രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്.

സ്ഥാപനത്തിന്റ ആവശ്യത്തിലേക്കായി രണ്ട് വാഹനങ്ങൾ ഉണ്ട്. വാഹനങ്ങളുടെ ഇന്ധനചെലവ് . ഇൻഷ്വറൻസ്,മെയിന്റനൻസ് എന്നിവയ്ക്കായി നോൺ പ്ലാൻ ഫണ്ടിൽ നിന്നും സ്ഥാപനം തുക ചെലവഴിക്കുന്നുണ്ട്. എന്നാൽ മേൽ വാഹനങ്ങളുടെ ഇന്ധനം നിറക്കലുമായി ബന്ധപ്പെട്ട് ഇന്ധന രജിസ്റ്റർ സ്ഥാപനത്തിൽ സൂക്ഷിക്കുന്നില്ല. ലോഗ്ബുക്കിലെ ഇന്ധനം നിറക്കൽ സംബന്ധിച്ച രേഖപ്പെടുത്തലുകൾ മേലധികാരി സാക്ഷ്യപ്പെടുത്തിയിട്ടില്ല. സ്ഥാപനത്തിന്റെ ഉടമസ്ഥയതിലുള്ള കെ.എൽ. 01 BP 1655 നമ്പർ വാഹനത്തി ന്റെ ലോഗ്ബുക്ക് പ്രകാരം 31.10.16 ലെ ഡീസൽ ബാലൻസ് 74.34 ലിറ്റർ ആയി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഓഡിറ്റ് എൻക്വയറി 5 നുള്ള മറുപടിയായി ടി വാഹനത്തിന്റെ ടാങ്ക് കപ്പാസിറ്റി 70 ലിറ്ററാണെന്ന് അറിയിച്ചിട്ടുണ്ട്. 34 ലിറ്റർ ഡീസൽ ടാങ്കിൽ അവശേഷിക്കുന്നതായി ലോഗ് ബുക്കിൽ രേഖപ്പെടുത്തിയതിനുള്ള കാരണം വ്യക്തമാക്കേണ്ടതാണ്. ലോഗ് ബുക്കുകൾ കസ്റ്റോഡിയൻ ഓഫീസർ പരിശോധിക്കേണ്ടതും രേഖപ്പെടുത്തലുകൾ കൃത്യത ബോദ്ധ്യപ്പെട്ട് സാക്ഷ്യപ്പെടുത്തുകയും ചെയ്യേണ്ടതാണ്.

## 3-5 ദിവസവേതനം പ്ലാൻഫണ്ടിൽ നിന്നും നൽകിയിരിക്കുന്നു.

ശ്രീമതി.ഷീല, ഡി.റ്റി.പി.ഓപ്പറേറ്റർക്ക്, 1.4.16 മുതൽ 31.12.16 വരെയുള്ള കാലയളവിലേക്കും ശ്രീ.വിജു, ഡ്രൈവർക്ക് 1.4.16 മുതൽ 31.3.17വരെയുള്ള കാലയളവിലേക്കും ഉള്ള ദിവസവേതനം പ്ലാൻ ഫണ്ടിൽ നിന്നും നൽകിയിരിക്കുന്നതായി കാണുന്നു. ഉദാ.വൗച്ചർ നമ്പർ 168/1.7.16 പ്രകാരം ശ്രീ.ഡി.വിജു ഡ്രൈവർക്ക് 10350 - (450 x 23) രൂപയും ശ്രീമതി. ഷീലക്ക് 10000/- (400x25) രൂപയും നൽകിയിട്ടുണ്ട്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി 1 ക്ക് മറുപടി പ്രകാരം തുടർന്നുള്ള വേതനം നോൺ പ്ലാൻ ഫണ്ടിൽ നിന്നും നൽകുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ദിവസവേതനം പ്ലാൻ ഫണ്ടിൽ നിന്ന് അനുവദിക്കാനുണ്ടായ സാഹചര്യം വിശദീകരിക്കേണ്ടതാണ്.

## 3-6 സ്റ്റാന്റിംഗ് കമ്മിറ്റി നടത്തിപ്പിനായി തുക ചെലവഴിച്ചുവെങ്കിലും സ്റ്റാന്റിംഗ് കമ്മിറ്റി കൂടിയതിന്റെ രേഖകളില്ല

വൗച്ചർ നമ്പർ 637/27.3.17 പ്രകാരം സ്റ്റാന്റിംഗ് കമ്മിറ്റി ചെലവിനായി കാഷ്യർ ശ്രീമതി.റ്റി.രാജലക്ഷ്മി ക്ക് 10000/- രൂപ അഡ്വാൻസ് നൽകിയിട്ടുണ്ട്. ( 117/2017/ksicl). ഈ തുക 5.5.17 ലെ 174/17 നമ്പർ ഉത്തരവ് പ്രകാരം ക്രമീകരിച്ചിട്ടുണ്ട്. എന്നാൽ ഗവേർണിംഗ് ബോഡി മിനിട്സ് പ്രകാരം ടി തീയതിയിൽ സ്റ്റാന്റിംഗ് കമ്മിറ്റി കൂടിയിട്ടില്ല . ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി 5 നുള്ള മറുപടി പ്രകാരം ,സാധാരണ ഹാജരാക്കുന്ന രജിസ്റ്ററിന് പകരം മറ്റൊറു രജിസ്റ്റർ ആണ് സ്റ്റാന്റിംഗ് കമ്മിറ്റി മീറ്റിംഗിന് ഹാജരാക്കിയത് എന്നറിയിച്ചിട്ടുണ്ട്. സ്ഥാപനത്തിന്റെ ഗവേർണിംഗ് ബോഡി മീറ്റിംഗ് മിനിട്ട്സ്, ഹാജർ എന്നിവ കൃത്യതയോടെ സൂക്ഷിക്കേണ്ടത് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ഉത്തരവാദിത്തമാണ്. സ്റ്റാൻഡിംഗ്കമ്മിറ്റി കൂടിയതിന്റെ മിനിട്ടസ് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 3-7 ബജറ്റിൽ അധികരിച്ചുള്ള ചെലവ്

കൗൺസിൽ തയ്യാറാക്കി നൽകുന്ന ബജറ്റ് സംസ്ഥാന ഗവൺമെന്റ് അനുവദിക്കുന്ന തുകയ്ക്ക് അനുസരിച്ച് പിന്നീട് പുതുക്കുകയും ആയതിന് ഭരണസമിതി അംഗീകാരം നൽകുകയുമാണ് ചെയ്തിട്ടുള്ളത്. ഓഡിറ്റ് വർഷങ്ങളിൽ ബജറ്റ് പ്രകാരം അനുവദനീയമായതിൽ കൂടുതൽ തുക ചിലവിനങ്ങളിൽ ചെലവഴിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ബജറ്റ് വർഷം | ഇനം | വകയിരുത്തിയ തുക | ചെലവഴിച്ച തുക |
|---|---|---|---|
| 2016-17 പ്ലാൻ | തളിര് പ്രസിദ്ധീകരണം | 3000000 | 3061786 |
| | അവാർഡ് വിതരണം | 300000 | 326251 |
| | സെമിനാർ, വർക്ക് ഷോപ്പ് | 1000000 | 1245405 |

ബജറ്റിൽ അധികരിക്കാത്ത വിധം ചെലവ് തുകകൾ ക്രമീകരിക്കേണ്ടതാണ്.

## 3-8 റിവോൾവിംഗ് ഫണ്ട്

ഇൻസ്റ്റിറ്റ്യൂട്ടിന്റെ മെമ്മോറാണ്ടം ഓഫ് അസോസിയേഷൻ ചട്ടം 11(12) പ്രകാരം രൂപീകരിച്ച ഫണ്ടിൽ കേന്ദ്ര സംസ്ഥാന സർക്കാരുകളിൽ നിന്നും ലഭിക്കുന്ന തുകകൾ, ഗ്രാന്റുകൾ, സംഭാവന, മറ്റ് സ്രോതസ്സുകളിൽ നിന്നും ലഭിക്കുന്ന തുകകൾ എന്നിവ ഉൾപ്പെടുത്താവുന്നതും ഇതിൽ നിന്നും ചെലവുകൾക്കായി തുക വിനിയോഗിക്കാവുന്നതാണ്. റിവോൾവിംഗ് ഫണ്ടിൽ പ്ലാൻ വിഭാഗത്തിലെ നീക്കിയിരിപ്പ്, പുസ്തക വിൽപ്പന, മുൻകൂർ തിരികെ അടയ്ക്കൽ, മറ്റ് ഇനങ്ങളിലൂടെ ലഭിക്കുന്ന വരവ് എന്നിവയും ഉൾപ്പെട്ടു കാണുന്നു. റിവോൾവിംഗ് ഫണ്ടിൽ നിന്നും എടുക്കുന്ന തുകകൾ, തിരിച്ചടയ്ക്കുന്ന തുകകൾ, പദ്ധതി-പദ്ധതിയേതര ചെലവ് കണക്കുകൾ എന്നിവ കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല. ഇതിനായി ഒരു രജിസ്റ്റർ സൂക്ഷിക്കേണ്ടതും വരവ്-ചെലവ് തിരിച്ചടവ് വിവരങ്ങൾ കൃത്യമാക്കേണ്ടതുമാണ്. നോൺ പ്ലാൻ ഇനത്തിൽ അധികം ചെലവായ തുക റിവോൾവിംഗ് ഫണ്ടിൽ നിന്നും കടമെടുത്തിട്ടാണ് ചെലവ് ചെയ്തിട്ടുള്ളത്. ഓഡിറ്റ് വർഷം റിവോൾവിംഗ് ഫണ്ടിൽ നിന്നും ചെലവഴിച്ചതും റിവോൾവിംഗ് ഫണ്ടിലേക്ക് തിരിച്ചടച്ചതുമായ തുകയുടെ വിവരം ചുവടെ കൊടുക്കുന്നു.

| വർഷം | ചെലവഴിച്ച തുക | തിരിച്ചടച്ച തുക | തിരിച്ചടയ്ക്കാൻ ബാക്കി |
|---|---|---|---|
| 2016-17 | പ്ലാൻ 6886903 | പ്ലാൻ 6886903 | 0 |
| | നോൺപ്ലാൻ 13831369 | നോൺപ്ലാൻ 11737000 | 2094369 |

നോൺ പ്ലാൻ ഇനത്തിൽ ലഭിക്കുന്ന ഫണ്ട് മതിയാകാത്തതിനാൽ റിവോൾവിംഗ് ഫണ്ടിൽ നിന്നും തുക കടമെടുത്താണ് ചെലവ് നിർവഹിക്കുന്നത്.

## 3-9 പുസ്തകങ്ങൾ പ്രസിദ്ധീകരിക്കുന്നതിൽ കാലതാമസം

കുട്ടികൾക്ക് വേണ്ടി വൈജ്ഞാനിക സാഹിത്യ സൃഷ്ടികളും പുസ്തകങ്ങളും പ്രസിദ്ധീകരിക്കുകയെന്നതാണ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ മെമ്മോറാണ്ടം ഓഫ് അസോസിയേഷൻ ഓഫ് സൊസൈറ്റിയുടെ പ്രധാന ലക്ഷ്യങ്ങളിൽ ഒന്നാമത്തേത്. ഇൻസ്റ്റിറ്റ്യൂട്ട് 2016-17 സാമ്പത്തിക വർഷത്തിൽ 25 പുസ്തകങ്ങൾ മാത്രമാണ് പ്രസിദ്ധീകരിച്ചിട്ടുള്ളത്. അവയിൽ നിന്നും 10 പുസ്തകങ്ങളുടെ ഫയൽ പരിശോധനയിൽ പുസ്തകങ്ങൾ പ്രസിദ്ധീകരിക്കുവാൻ വളരെയധികം കാലതാമസം വരുന്നുണ്ടെന്ന ബോദ്ധ്യപ്പെട്ടു.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പുസ്തകത്തിന്റെ പേര് | കരാർ തീയതി | പ്രസിദ്ധീകരിച്ച തീയതി |
|---|---|---|---|
| 1 | ഒരു അറബിക്കഥ | 24.12.2015 | 3.04.2017 |
| 2 | അയ്യങ്കാളി കഥകൾ | 08.12.2015 | 03.04.2017 |
| 3 | പോഷകാഹാര കഥകൾ | 22.12.2015 | 28.03.2017 |
| 4 | കഥോത്സവം | 15.07.2015 | 12.06.2017 |
| 5 | സച്ചിൻ -വിജയഗാഥ | 13.02.2015 | 03.04.2017 |

പുസ്തകങ്ങൾ പ്രസിദ്ധീകരികുന്നതിനായി എഴുത്തുകാരുമായി ഇൻസ്റ്റിറ്റ്യൂട്ട് കരാറിൽ ഏർപ്പെടുകയും ആയതിന്റെ അടിസ്ഥാനത്തിലാണ് പുസ്തകങ്ങൾ പ്രസീദ്ധീകരിക്കുകയും ചെയ്യുന്നത്. ഭരണസമിതി പുനസംഘടിപ്പിക്കുന്നതിന്റെ കാലതാമസമാണ് പുസ്തകങ്ങൾ പ്രസീദ്ധീകരിക്കുന്നതിൽ കാലതാമസം നേരിട്ടതെന്ന മറുപടിയായി അറിയിച്ചു. ഭരണസംവിധാനം മെച്ചപ്പെടുത്തി ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രധാന ലക്ഷ്യങ്ങളിൽ ഒന്നായ പുസ്തക പ്രസീദ്ധീകരണം തടസ്സപ്പെടാതിരിക്കുവാനുള്ള നടപടികൾ കൈക്കൊള്ളേണ്ടതാണ്.

## 3-10 ബാലസാഹിത്യപുരസ്കാരം-പദ്ധതിപണം ചെലവഴിക്കൽ - വിശദാംശങ്ങൾ ലഭ്യമല്ല.

സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിന്റെ 2016ലെ ബാലസാഹിത്യപുരസ്കാരം, പാലാ കെ.എം.മാത്യൂ സാഹിത്യ പുരസ്കാരം എന്നിവയുമായി ബന്ധപ്പെട്ട്, 2016-2017 ലെ വാർഷിക ധനകാര്യ പത്രിക പ്രകാരം, പ്ലാൻഫണ്ടിൽ നിന്നും 3,26,251/-രൂപ ചെലവുണ്ട്. എന്നാൽ പ്രവർത്തന ചെലവുമായി ബന്ധപ്പെട്ട ഓഡിറ്റ് എൻക്വയറിക്ക്(നം.10/18) സ്ഥാപനം ലഭ്യമാക്കിയ മറുപടിയിൽ ചിലവായി തിട്ടപ്പെടുത്തിയിട്ടുള്ളത് 3,02,707/- ആണ്. ചെലവിനത്തിലെ വ്യത്യാസം ക്രമപ്പെടുത്തേണ്ടതുണ്ട്.

പുരസ്കാര സമർപ്പണചെലവുകൽക്കായി ശ്രീ.സുബാഷിന് ഓഫീസ് ഉത്തരവ് നം.76/2017 /KSICLതീ.02.03.2017 പ്രകാരം 100000/-രൂപ നൽകിയിരുന്നുവെങ്കിലും അഡ്വാൻസ് രജിസ്റ്ററിൽ തുക വക കൊള്ളിക്കുകയോ തനത് സാമ്പത്തിക വർഷം ക്രമീകരിക്കുകയോ ചെയ്തിട്ടില്ല. 4 മാസങ്ങൾക്ക് ശേഷം 20.07.2017 ലെ ഓഫീസ് ഉത്തരവ് ( 329/17/KSICL) മുഖേനയാണ് 87706/-രൂപയുടെ ചെലവ് ക്രമീകരിച്ചിട്ടുള്ളത്. അഡ്വാൻസ് നൽകൽ,ക്രമീകരിക്കൽ എന്നീ നടപടികൾ അഡ്വാൻസ് രജിസ്റ്റർ മുഖേന മാത്രം നിർവ്വഹിക്കേണ്ടതാണ്. പുരസ്കാര തുകയായ 150001/-രൂപ, പുരസ്കാരനിർണ്ണയസമിതി അംഗങ്ങൾക്കുള്ള പ്രതിഫലമായ 65000/- രൂ. എന്നിവ ഡിമാൻറ് ഡ്രാഫ്റ്റ് മുഖേന ചെലവഴിച്ചിട്ടുണ്ടെങ്കിലും (വൗച്ചർ നം.589/07.03.2017,634/23.03.2017)

നിർദ്ദിഷ്ട ഫയലിൽ പ്രസ്തുത ചെലവ് രേഖപ്പെടുത്തിയിട്ടില്ല. പദ്ധതി ചെലവിന്റെ മുഴുവൻ വിശദാംശങ്ങളും ഫയലിൽ ഉൾപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-11 സെമിനാർ ആന്റ് വർക്ക് ഷോപ്പിന്റ ചെലവ് വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല

2016-2017 സാമ്പത്തിക വർഷം സെമിനാർ,വർക്ക് ഷോപ്പ് എന്നിവ നടത്തിയതിനായി ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിന്റ പ്ലാൻഫണ്ടിൽ നിന്നും 12,45,405/- രൂപ ചെലവഴിച്ചതായി ഓഡിറ്റിന് സമർപ്പിച്ച വാർഷിക കണക്കിൽ ചേർത്തിട്ടുണ്ട്. ബജറ്റിൽ വകയിരുത്തിയിട്ടുള്ള തുക 10 ലക്ഷമാണ്. ചെലവിന്റെ കൃത്യത പരിശോധിക്കുന്നതിനാവശ്യമായ മുഴുവൻ രേഖകളും ലഭ്യമാക്കാത്തതിനാൽ ഓഡിറ്റ് എൻക്വയറി (നം.04/18) മുഖേന ആവശ്യപ്പെട്ടുവെങ്കിലും മുഴുവൻ രേഖകളും ലഭ്യമാക്കാതെ 6 എണ്ണം സെമിനാർ/വർക്ക് ഷോപ്പ് നടത്തിയതായും ആകെ 8,12,125/- ഈ ഇനത്തിൽ ചെലവഴിച്ചതായും എൻക്വയറിക്ക് മറുപടി നൽകുകയാണുണ്ടായത്. എന്നാൽ ഇൻസ്റ്റിറ്റ്യൂട്ട് നൽകിയ ലിസ്റ്റിൽ ഉൾപ്പെടാത്ത മറ്റൊരു ബാലസാഹിത്യശില്പശാല 'അക്ഷരക്കൊയ്ത്ത് 'എന്ന പേരിൽ മട്ടന്നൂരിൽ വച്ച് നടത്തിയതായി സ്ഥാപനത്തിന്റെ 2016-2017 ലെ പ്രവർത്തനറിപ്പോർട്ടിൽ ചേർത്തിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടതിനെതുടർന്ന് നടത്തിയ പരിശോധനയിൽ 2017 മാർച്ച് 10,11 എന്നീ തീയതികളിലായി നടന്ന പ്രസ്തുത ശില്പശാലയ്ക്കായി 07.03.2017 ലെ ഓഫീസ് ഉത്തരവ് നം.89/2017/KSICL പ്രകാരം ചെക്ക് നം.635849/09.03.17 മുഖേന 46,750/- മട്ടന്നൂർ നഗരസഭ ലൈബ്രറിക്ക് നൽകിയതായി ബോദ്ധ്യപ്പെട്ടു. ഇതിൽ നിന്നും സ്ഥാപനത്തിന്റ വിവിധപ്ലാൻ പ്രവർത്തനങ്ങളുടെ ചിലവുകൾ വാർഷിക ക്രമത്തിൽ കൃത്യമായി രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ലായെന്ന് വ്യക്തമാണ്. സെമിനാർ, വർക്ക്ഷോപ്പ് എന്നിവയുടെ 2016-17ലെ യഥാർത്ഥ ചിലവ് കണക്കാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതും വാർഷിക കണക്കുമായി പൊരുത്തപ്പെടാത്തതിന്റ കാരണം വ്യക്തമാക്കേണ്ടതുമാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സാമ്പത്തിക നില

സാമ്പത്തിക നില (ക്യാഷ് ബുക്ക് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 21436351 |
| വരവ് | 27441242 |
| ആകെ | 48877593 |
| ചെലവ് | 10455855 |
| നീക്കിയിരിപ്പ് | 38421738 |

2015-16 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ നീക്കിയിരിപ്പും 2016-17 വർഷത്തെ വാർഷിക ധനകാര്യ പത്രികയിലെ മുന്നിരിപ്പും പൊരുത്തപ്പെടുന്നില്ല. ആയതിനാൽ 2016-17 ലെ ക്യാഷ് ബുക്കിനെ ആധാരമാക്കിയാണ് സാമ്പത്തിക നില തയ്യാറാക്കിയിരിക്കുന്നത്.

നീക്കിയിരിപ്പിന്റെ വിശദാംശങ്ങൾ (ക്യാഷ് ബുക്ക് പ്രകാരം )

| | |
|---|---:|
| എസ്.ബി.ടി | 20352639.00 |
| പി.ഡി-ഐ.ഡി 68 | 543847.00 |
| റ്റി.പി.എ 1552 | 3983696.00 |
| എസ്.ബി.ഐ (തളിര്) | 5895769.00 |
| എസ്.ബി.ടി (എഫ്.ഡി) | 5000000.00 |
| റ്റി.പി.എ 875 | 2645787.00 |
| ആകെ | 38421738.00 |

സ്ഥാപനം ലഭ്യമാക്കിയ വാർഷിക ധനകാര്യ പത്രിക, സ്ഥാപനത്തിലെ രജിസ്റ്ററുകൾ എന്നിവ പരിശോധിച്ചപ്പോൾ ശ്രദ്ധയിൽപ്പെട്ട അപാകങ്ങൾ താഴെ ചേർക്കുന്നു.

2015-16 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് പ്രകാരമുള്ള നീക്കിയിരിപ്പ് 21436351/- രൂപയും 2016-17 വർഷത്തെ വാർഷിക കണക്കുപ്രകാരമുള്ള മുന്നിരിപ്പ് 32878256.47രൂപയുമാണ്.ഇവ തമ്മിൽ 11441905.47/- രൂപയുടെ വ്യത്യാസമുണ്ട്. കൂടാതെ സ്ഥാപനത്തിലെ ക്യാഷ് ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പ് വാർഷിക ധനകാര്യ പത്രികയിലെ നീക്കിയിരുപ്പുമായി പൊരുത്തപ്പെടുന്നില്ല. റീ-കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് ഹാജരാക്കിയിട്ടില്ല. അതിനാൽ പ്രസ്തുത തുകയുടെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല. ആയതിനാൽ 2015-16 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് പ്രകാരമുള്ള നീക്കിയിരിപ്പ് 21436351/- രൂപ 2016-17 വർഷത്തെ മുന്നിരിപ്പായി എടുത്ത് സാമ്പത്തിക നില തയ്യാറാക്കിയിരിക്കുന്നു.

വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള ബാങ്കിലെ നീക്കിയിരിപ്പ്, അതാത് ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള നീക്കിയിരിപ്പ്, ക്യാഷ് ബുക്ക് പ്രകാരമുള്ള നീക്കിയിരുപ്പ് എന്നിവ വ്യത്യാസപ്പെട്ടുകാണുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| | | വാർഷിക ധനകാര്യപത്രിക | ക്യാഷ് ബുക്ക് | ബാങ്ക് പാസ് ബുക്ക് |
|---|---|---:|---:|---:|
| എസ്.ബി.റ്റി അക്കൗണ്ട് നം 67178297569 | മുന്നിരിപ്പ് 01.04.2016-ൽ | 16492900.00 | 8537558.00 | 5594.00 |
| | നീക്കിയിരിപ്പ് 31.03.017 | 14486948.00 | 20352639.00 | 6236910.00 |
| എസ്.ബി.ഐ | മുന്നിരിപ്പ് 01.04.2016-ൽ | 6737702.47 | 3643449.00 | 3768791.00 |

| | | | | |
|---|---|---|---|---|
| (തളിര്) അക്കൗണ്ട് നം 30583524448 | | | | |
| | നീക്കിയിരിപ്പ് 31.03.017 | 8021921.47 | 5895769.00 | 4994548.54 |
| റ്റി.പി.എ 875 | മുന്നിരിപ്പ് 01.04.2016-ൽ | 703690.00 | 703690.00 | -- |
| | നീക്കിയിരിപ്പ് 31.03.017 | 7136368.00 | 2645787.00 | |
| പി.ഡി.1 | മുന്നിരിപ്പ് 01.04.2016 ൽ | 543847.00 | 543847.00 | പാസ്സ് ബുക്ക് ഹാജരാക്കിയില്ല |
| | നീക്കിയിരിപ്പ് 31.03.017 | 543847.00 | 543847.00 | |
| റ്റി.പി.എ 1552 | മുന്നിരിപ്പ് 01.04.2016 ൽ | 3400117.00 | 3400117.00 | പാസ്സ് ബുക്ക് ഹാജരാക്കിയില്ല |
| | നീക്കിയിരിപ്പ് 31.03.017 | 3983696.00 | 3983696.00 | |
| എഫ്.ഡി. എസ്.ബി.ടി | മുന്നിരിപ്പ് 01.04.2016 ൽ | 5000000.00 | 4607690.00 | 5000000.00 |
| | നീക്കിയിരിപ്പ് 31.03.017 | 5000000.00 | 5000000.00 | 5000000.00 |

റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് ലഭ്യമാക്കാത്തതിനാൽ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിക്കുവാൻ സാധിച്ചിട്ടില്ല. തുകയിലെ വ്യത്യാസം സംബന്ധിച്ച ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കി. റീ-കൺസിലിയേഷൻ നടപടികൾ നടന്നുകൊണ്ടിരിക്കുകയാണെന്ന് അറിയിച്ചു. വാർഷിക ധനകാര്യ പത്രികയിലെ മുന്നിരിപ്പ്, നീക്കിയിരുപ്പ് തുകകൾ ക്യാഷ് ബുക്കിലെ തുകയുമായി പൊരുത്തപ്പെടുത്തി പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## **4-2** ഓഡിറ്റ് ചാർജ്

| | | |
|---|---|---|
| 2016-17 വർഷത്തെ ആകെ വരവ് | | 27441242 |
| (-) കുറയ്ക്കുക പ്ലാൻ വരവ് | 9000000 | 20737000 |
| (-) കുറയ്ക്കുക നോൺ പ്ലാൻ വരവ് | 11737000 | |
| ഓഡിറ്റ് ചാർജ്ജ് കണക്കാക്കാവുന്ന വരവ് | | 6704242 |
| ഓഡിറ്റ് ചാർജ്ജ് 1% നിരക്കിൽ | | 67042 |

| | ഓഡിറ്റ് ചാർജിന് കണക്കാക്കാവുന്ന ആകെ വരവ് | 1% നിരക്കിൽ ഓഡിറ്റ് ചാർജ് | വർഷാരംഭത്തിൽ അടവാക്കാൻ ബാക്കി | ആകെ | തൻവർഷം ഒടുക്കിയ തുക | ബാക്കി |
|---|---|---|---|---|---|---|
| 2016-17 | 6704242 | 67042 | 241082<br>ഈ ഓഫീസിലെ 01.04.19 ലെ കെ.എസ്.എ.റ്റി.വി.എം.മിസ്1/2216/18 നം കത്തു പ്രകാരമുള്ള ശുദ്ധിപത്രം പ്രകാരം ഓഡിറ്റ് ചാർജ് ഒടുക്കുവാനുള്ളതിൽ ഭേദഗതി വരുത്തിയിട്ടുണ്ട്. | 308124 | - | 308124 |

അടവാക്കാനവശേഷിക്കുന്ന ഓഡിറ്റ് ചാർജിനത്തിലുള്ള തുക 0070-60-110-99- ഓഡിറ്റ് ഫീ ഹെഡിൽ ഒടുക്കേണ്ടതും അസൽ ചെലാൻ ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, വികാസ് ഭവൻ, തിരുവനന്തപുരം-33 എന്ന വിലാസത്തിൽ അയച്ചുകൊടുക്കേണ്ടതും പകർപ്പ് ഈ ഓഫീസിൽ ലഭ്യമാക്കേണ്ടതുമാണ്.

## 4-3 ഓഡിറ്റ് പ്രത്യവലോകനം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 27441242 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 10455855 |
| ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 0 |

(ഒപ്പ്)

ജോയിന്റ് ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം 1

## ഓഡിറ്റ് സാക്ഷ്യപത്രം

കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിന്റെ 2016-17 വർഷത്തെ വരവ് ചെലവ് കണക്കുകൾ പരിശോധനാവിധേയമാക്കി. മുന്നിരിപ്പ്, നീക്കിയിരുപ്പ് എന്നിവ സംബന്ധിച്ച് ക്യാഷ് ബുക്കിലെ തുകയും AFS ലെ തുകയും തമ്മിൽ സാരമായ അന്തരം നിലനിൽക്കുന്നതിനാലും ഓഡിറ്റ്

വേളയിൽ ഇത് സംബന്ധിച്ച വിശദീകരണം സ്ഥാപനത്തിന് സമർപ്പിക്കാൻ സാധിക്കാത്തതിനാലും ഹാജരാക്കിയ വാർഷികധനകാര്യപത്രിക സാക്ഷ്യപ്പെടുത്താനാകുന്നില്ല. ഇത് സംബന്ധിച്ച നിരീക്ഷണം ഖണ്ഡിക 4-1 ൽ നൽകിയിട്ടുണ്ട്. ഇക്കാരണത്താൽ 2016-17 വർഷത്തെ ഓഡിറ്റ് സാക്ഷ്യപത്രം പുറപ്പെടുവിക്കുന്നില്ല.

(ഒപ്പ്)

ജോയിന്റ് ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്